LIBRARY ARCHIVES Kerala Legislative Assembly

ചീഫ് സെക്രട്ടറിയുടേയും ജില്ലാ കളക്ടർമാരുടേയും അധികാരങ്ങളും ചുമതലകളും

2 [5145] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീഫ് സെക്രട്ടറിയുടെ അധികാരങ്ങളും ചുമതലകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ചീഫ് സെക്രട്ടറിയുടെ സേവനവേതന വ്യവസ്ഥകൾ എന്തൊക്കെയാണ്;

(സി) ശമ്പളത്തിനും അലവൻസുകൾക്കും പുറമേ എന്തൊക്കെ ആനുകൂല്യങ്ങളാണ് ചീഫ് സെക്രട്ടറിക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ജില്ലാ കളക്ടറുടെ അധികാരങ്ങളും ചുമതലകളും വിശദമാക്കാമോ;

(ഇ) ജില്ലാ കളക്ടർ ഏതൊക്കെ കമ്മിറ്റികളുടെ ചെയർമാനാണ് എന്ന് വ്യക്തമാക്കാമോ;

(എഫ്) കൂടുതൽ ചുമതലകളും ഉത്തരവാദിത്വവുമുള്ള ജില്ലാ കളക്ടർമാർക്ക് റവന്യൂ കളക്ഷൻ, നിയമസമാധാനം സംരക്ഷണം (ലാ ആന്റ് ഓർഡർ) എന്നിവയിൽ ശ്രദ്ധിക്കാൻ കഴിയുന്നില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) കളക്ടർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എച്ച്) സഹകാര്യ വ്യക്തികളുടെ, സ്ഥാപനങ്ങളുടെ (സ്വർണ്ണക്കടകൾ, ചിട്ടി കമ്പനികൾ, ഹോട്ടലുകൾ ഉൾപ്പെടെ) ഉദ്ഘാടനം, ആഘോഷങ്ങൾ എന്നിവയിൽ പങ്കെടുക്കുന്നതിന് കളക്ടർമാർക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സ്, കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഇൻസ്ട്രക്ഷൻസ്, കേരള ഗവ. സെക്രട്ടേറിയറ്റ് മാനുവൽ എന്നിവയിൽ പരാമർശിച്ചിട്ടുള്ള അധികാരങ്ങളും ചുമതലകളുമാണ് ചീഫ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഇതിൽ കേരള സെക്രട്ടേറിയറ്റ് മാനുവൽ 5-ാം ഖണ്ഡിക അനുസരിച്ച് നൽകിയിട്ടുള്ള പ്രത്യേക ചുമതലകളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ആൾ ഇന്ത്യാ സർവീസ് ചട്ടങ്ങൾ അനുസരിച്ചുള്ള സേവനവേതന വ്യവസ്ഥകളാണ് ചീഫ് സെക്രട്ടറിക്ക് ബാധകമായിട്ടുള്ളത്. ഇതനുസരിച്ച് പ്രതിമാസം 26,000 രൂപ (നിശ്ചിതമായ) ശമ്പളവും 55% ഡി. എ.-യും മറ്റ് അലവൻസുകൾക്കും അർഹതയുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

(ഡി—എച്ച്) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

കാർഷിക സെൻസസ്

3 [T 5146] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, വി. ചെന്താമരാക്ഷൻ:
ഡോക്ടർ തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക സെൻസസ് നടത്തുന്നത് എപ്പോഴാണ്;

(ബി) കേന്ദ്ര സഹായത്തോടെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഏറ്റവും ഒടുവിൽ നടത്തിയ സെൻസസ് റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) പ്രസ്തുത സെൻസസിൽ കാർഷിക മേഖലയിലുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഞ്ചു വർഷത്തിലൊരിക്കലാണ് സംസ്ഥാനത്ത് കാർഷിക സെൻസസ് നടത്തുന്നത്. കാർഷിക വർഷമായി കണക്കാക്കുന്ന ജൂലായ് ഒന്നു മുതൽ ജൂൺ 30 വരെ വരുന്ന പന്ത്രണ്ട് മാസക്കാലത്താണ് ഓരോ സെൻസസും നടക്കുന്നത്.

(ബി) അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) പ്രാഥമിക റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മാത്രം കാർഷിക മേഖലയിലുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുവാൻ സാധിക്കുകയില്ല.

കോസ്റ്റ് ഗാർഡ് കേന്ദ്രങ്ങൾ

4 [5147] ശ്രീമതി രാധാ രാഘവൻ:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, കെ. മുഹമ്മദാലി:
,, വർക്കല കഹാർ:
,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം കോസ്റ്റ് ഗാർഡ് കേന്ദ്രങ്ങളുണ്ട്;

(ബി) സംസ്ഥാനത്ത് കൂടുതൽ കോസ്റ്റ് ഗാർഡ് കേന്ദ്രങ്ങൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly